517 | DA |

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - പെരിന്തൽമണ്ണ നിയോജക മണ്ഡലം - കമ്മു സ്മാരക റോഡ് (ch 0/800 - 1/000) നവീകരണം - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 2842/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 19.08.2017

വായന :- (1) 11/06/2012-ലെ സ.ഉ.(സാധാ)നം. 332/12/ധന സർക്കാർ ഉത്തരവ്

(2) ശ്രീ. മഞ്ഞളാംകുഴി അലി. എം.എൽ.എയുടെ 08.06.17-ലെ കത്ത്

(3) പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) ചീഫ് എഞ്ചിനീയറുടെ 13.07.2017 ലെ CE /R &B/MNJ/PRICE/PRICE/2017/4139 നമ്പർ കത്ത്

-4 3.6.2014-ലെ 54/14/ധന. നമ്പർ സർക്കുലർ

ഉത്തരവ്

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ആലിപ്പറമ്പ പഞ്ചായത്തിലെ കമ്മു സ്മാരക റോഡ് (ch 0/800 - 1/000) നവീകരണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ആകെ അടങ്കൽ തുകയായ 10,00,000/- രൂപയുടെ (പത്ത് ലക്ഷം രൂപാ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ മൂന്നാമതായി വായിച്ച കത്തുപ്രകാരം പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) ചീഫ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ ബാക്കി നിൽക്കുന്ന 7,30,000/- രൂപയും, 2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ടിൽ നിന്നും 2,70,000/- രൂപയും ചേർത്ത് ആകെ അടങ്കൽ തുകയായ 10,00,000/- രൂപയ്ക്ക് (പത്ത് ലക്ഷം രൂപാ മാത്രം)" ആലിപ്പറമ്പ പഞ്ചായത്തിലെ കമ്മു സ്മാരക റോഡ് (ch 0/800 - 1/000) നവീകരണം" എന്ന പ്രവൃത്തി മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. മുകളിൽ നാലാമതായി വായിച്ച സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യമായ തുക ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

3. ആയതു സംബന്ധിച്ച ചെലവ് "“4515-00-800-96” എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലിപ്പറമ്പ ഗ്രാമ പഞ്ചായത്ത്
ധനകാര്യ(നോഡൽസെന്റർ-സി)വകുപ്പ്(ഫയൽ നം.എൻ.സി.സി1/35/2017-ധന തീയതി 05.08.17)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ